"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി- തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ സാനിറ്റേഷൻ വർക്കർ - മരണപ്പെട്ട മാരിമുത്തു.ആർ ന്റെ മകൻ ശ്രീ.നന്ദകുമാർ ആർ - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.175/2024/LSGD തീയതി,തിരുവനന്തപുരം, 10-12-2024

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ)നം.5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. ശ്രീ.നന്ദകുമാർ ആർ സമർപ്പിച്ച 24.01.2023 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
4. 14.07.2023 തീയതിയിലെ സ.ഉ(പി)നം.12/2023/ഉഭപവ നമ്പർ ഉത്തരവ്.
5. പ്രിൻ സിപ്പൽ ഡയറക്ടറുടെ 30.04.2024 തീയതിയിലെ LSGD/PD/12635/2024-DEF7 നമ്പർ കത്ത്.
6. കണ്ണൂർ ജില്ലാ കളക്ടറുടെ 08.11.2024 തീയതിയിലെ DCKNR/7855/2024-A5 നമ്പർ കത്ത്.

**ഉത്തരവ്**

തളിപ്പറമ്പ മുൻസിപ്പാലിറ്റിയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 02.10.2022 തീയതിയിൽ മരണപ്പെട്ട മാരിമുത്തു.ആർ-ന്റെ മകൻ ശ്രീ.നന്ദകുമാർ.ആർ (പുതിയവളപ്പിൽ, കയ്യം, അരിയിൽ പി .ഒ, കണ്ണൂർ 670143) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം(3 ) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. മാരിമുത്തു.ആർ-ന്റെ സേവനകാലം 21 വർഷവും 03 മാസവും 09 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 28.08.1967, 22.06.2001 ആണ്. പ്രിൻസിപ്പൽ ഡയറക്ടറും കണ്ണൂർ ജില്ലാ കളക്ടറും അപേക്ഷകന് ജോലി നൽകുന്നതിന് പരാമർശം( 5),(6) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ.നന്ദകുമാർ.ആർ പ്ലസ് ടു പരീക്ഷ വിജയിച്ചിട്ടുള്ളതും ടിയാന്റെ ജനന തിയതി 26.08.1995 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (24.01.2023) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി മാരിമുത്തു.ആർ ന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് തളിപ്പറമ്പ് നഗരസഭ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ ശ്രീ.നന്ദകുമാർ. ആർ-ന് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 2,00,000/- രൂപയാണെന്ന് (രണ്ടു ലക്ഷം രൂപ മാത്രം) പട്ടുവം വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

കൂടാതെ പരാമർശം(2)ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രവും ടി സംരക്ഷണസമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം(4) സർക്കാർ ഉത്തരവ് പ്രകാരം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനായുള്ള സമ്മതപത്രവും ടിയാൻ സമർപ്പിച്ചിട്ടുണ്ട്.

3. ശ്രീ.നന്ദകുമാർ.ആർ, കണ്ണൂർ ജില്ലയിൽ എൽ.ഡി ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തളിപ്പറമ്പ് മുൻസിപ്പാലിറ്റിയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 02.10.2022 തീയതിയിൽ മരണപ്പെട്ട മാരിമുത്തു.ആർ-ന്റെ മകൻ ശ്രീ.നന്ദകുമാർ.ആർ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%- ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർ ശം 1-ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാൻ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

6. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം.
സെക്രട്ടറി, തളിപ്പറമ്പ് നഗരസഭ
ജില്ലാ കളക്ടർ , കണ്ണൂർ.
ശ്രീ.നന്ദകുമാർ.ആർ, പുതിയവളപ്പിൽ, കയ്യം, അരിയിൽ പി .ഒ, കണ്ണൂർ 670143
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 10-12-2024 10:39:45

സെക്ഷൻ ഓഫീസർ